നെടുവത്തൂർ നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ

181 (892)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറികൾ ഇനി ആരംഭിക്കുവാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം നെടുവത്തൂരിലെ ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) നെടുവത്തൂർ നിയോജകമണ്ഡലത്തിൽ പവിത്രേശ്വരം പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി നിലവിലുണ്ട്. നടപ്പു സാമ്പത്തികവർഷം ഹോമിയോ ഡിസ്പെൻസറി എവിടെയൊക്കെ ആരംഭിക്കണമെന്ന കാര്യം തീരുമാനമായിട്ടില്ല.

ഹോമിയോ മെഡിക്കൽ ആഫീസർമാരുടെ ഒഴിവ്

182(893)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മെഡിക്കൽ ആഫീസർമാരുടെ ഒഴിവിലേയ്ക്കായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക്ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും അവ എന്നു മുതൽ ഉണ്ടായതാണെന്നും വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ ആഫീസർ നിയമനം സംബന്ധിച്ച് കോടതിയിൽ നിന്നും റാങ്ക് ഹോൾഡർമാർക്കനുകൂലമായ ഉത്തരവുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവ എപ്പോഴൊക്കെയാണെന്നും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(എഫ്) ഒഴിവുകൾ ഉണ്ടായിരുന്നിട്ടും അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കോടതി നിർദ്ദേശം വരുന്നതുവരെ കാത്തിരിക്കാനുണ്ടായ സാഹചര്യമെന്തെന്നും വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly